بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 12/08/2016

## (08 DHUL QADDA 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## "NO COMPULSION IN ISLAM" / "ഇസ്ലാമിൽ നിർബന്ധമില്ല"

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വ്ദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഇസ്ലാമിൽ നിർബന്ധമില്ല എന്ന വിഷയത്തിലേക്ക് പ്രവേശിച്ചു. ഒരു സാധാരണ തെറ്റിദ്ധാരണ, ഇപ്പോൾ അത് വീണ്ടും രംഗത്ത് എത്തിയിരിക്കുന്നു; ഇപ്പോൾ അത് പർവ്വതീകരിക്കപ്പെട്ടതും, അസ്ഥാനത്തുമായി പോയ ഒരു കൊട്ടിഘോഷണമായിപ്പോയി എന്നുമാത്രം ! അതായത് ഇസ്ലാം പ്രചരിപ്പിക്കാൻ ഉപയോഗിച്ച ഉപകരണം ബലപ്രയോഗമായിരുന്നുപോലും ! വാസ്തവത്തിൽ ഇത് വളരെ പഴക്കമുള്ള ഒരു ആരോപണമാണ്. ഇതിന്റെ വേര് വളരുവാൻ കാരണം ഇസ്ലാമിനോടുള്ള ശത്രുത കൊണ്ടാണ്; സത്യത്തിന്റെയും സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും പുരോഗതി തടയണം, ഇതാണവരുടെ ലക്ഷ്യം ! ഇസ്ലാം ഒരിക്കലും സമ്മർദ്ദം പ്രബോധിച്ചിട്ടില്ല. വിശുദ്ധ ഖുർആനിലും, ഹദീസ് ഗ്രന്ഥങ്ങളും, ചരിത്രരേഖകളും സസൂക്ഷമം പരിശോധിച്ചാൽ, പഠന വിഷയമാക്കിയാൽ, ശ്രദ്ധാപൂർവ്വം അപഗ്രഥിച്ചാൽ, ഒരാൾക്ക് തീർച്ചയായും ഇതിന്റെ യഥാർത്ഥ തീരുമാനത്തിലെത്തിച്ചേരുവാൻ സാധിക്കുന്നതാണ്. ഇസ്ലാം മത പ്രചാരണത്തിന് ആയുധം ഉപയോഗിക്കുവാൻ അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നും അതിനുവേണ്ടി മറ്റേതെങ്കിലും സമ്മർദ്ദ തന്ത്രം ഉപയോഗിച്ചിട്ടുണ്ട് എന്നുമുള്ളത് വെറും ആരോപണങ്ങൾ മാത്രമാണ് എന്ന തീരുമാനത്തിൽ, നിസ്സംശയം എത്തിച്ചേരുവാൻ സാധിക്കുന്നതാണ്. ഈ ആരോപണം നാണംകെട്ടതും, ഒരിക്കലും കണ്ടെത്തുവാൻ കഴിയാത്തതുമാണ്, ഇത് സത്യത്തിൽ, വിശുദ്ധ ഖുർ ആൻ പഠിച്ചിട്ടില്ലാത്ത, ഹദീസുകൾ പഠിച്ചിട്ടില്ലാത്ത, ഇസ്ലാമിക ചരിത്രം പഠിച്ചിട്ടില്ലാത്തവരുടെ ആരോപണങ്ങളാണ്, മുൻ വിധിയോടെയുള്ള ആരോപണങ്ങളുമാണ്. ഒരു വൈകാരികമായ എതിർപ്പുമില്ലാതെ, ഇസ്ലാമിന്റെ മേൽ കണ്ടെത്തുവാൻ കഴിയാത്ത കുറ്റങ്ങൾ ആരോപിക്കുവാനും മനപൂർവ്വം കള്ളങ്ങൾ കെട്ടിച്ചമയ്ക്കുവാനും ഒരു വിഭാഗം തയ്യാറായിരിക്കുന്നു എന്നതാണ് സത്യം. സമയം അതിശീഘ്രം സമീപിക്കുന്നതായി നാം മനസ്സിലാക്കുന്നു. സത്യത്തിനോടുള്ള വിശപ്പും ദാഹവും ഉള്ളവർ, അവരുടെ ചതിയുടെ രഹസ്യങ്ങൾ മനസ്സിലാക്കുന്നതാണ്. വിശ്വാസം പ്രചരിപ്പിക്കുന്നതിന് വേണ്ടി ശക്തി ഉപയോഗിക്കുവാൻ പാടില്ലായെന്ന് ഒരു മതത്തിന്റെ വിശുദ്ധ ഗ്രന്ഥം, അർത്ഥശങ്കയ്ക്കിടയില്ലാതെ പറയുമ്പോൾ, ആ മതത്തെ പ്രചരിപ്പിക്കുവാൻ ശക്തി ഉപയോഗിക്കുന്ന മതമാണ് എന്ന് ഒരാൾക്ക് എങ്ങനെ പറയുവാൻ കഴിയും ? വിശുദ്ധ ഖുർആൻ പറയുന്നു. **"മതത്തിൽ ഒരു നിർബന്ധവുമില്ല."** (2:287)

മഹാനായ പ്രവാചകൻ (സ) മറ്റുള്ളവരുടെ മേൽ ആയുധം ഉപയോഗിച്ചെന്ന് നമുക്ക് കുറ്റപ്പെടുത്തുവാൻ കഴിയുമോ ? 13 വർഷക്കാലം മക്കയിൽ രാവും പകലും തന്റെ അനുയായികളോടെല്ലാം ആഹ്വാനം ചെയ്തത് നിങ്ങളെ അക്രമിക്കുന്നവരെ നിങ്ങൾ തിരിച്ച് അക്രമിക്കരുത്, മറിച്ച് നിങ്ങൾ സഹിക്കുക, ക്ഷമിക്കുക. ശത്രുക്കളുടെ അതിക്രമങ്ങൾ എല്ലാ പരിധിയും വിട്ടപ്പോൾ, വിവിധങ്ങളായ ജനങ്ങൾ തന്റെ ചുറ്റും നിരന്ന് ഇസ്ലാമിനെ വേരോടെ പിഴുതെറിയുവാനുള്ള ഉറച്ച തീരുമാനത്തിലെത്തിയപ്പോൾ, ദൈവത്തിന്റെ ഗുണവിശേഷമാണ്, തന്റെ പ്രിയപ്പെട്ടവനെ എപ്പോഴും പ്രതിരോധിക്കുക എന്നത്. ആ സാഹചര്യം ആവശ്യപ്പെട്ടതാണ്. **"വാളെടുത്തവൻ വാളാൽ വീഴ്ത്തപ്പെടട്ടെ"** എന്നത് ! മറ്റുവിധത്തിൽ മതത്തിൽ ഒരു നിർബന്ധവും വിശുദ്ധ ഖുർആൻ അനുവദിച്ചിട്ടില്ല. ഏതെങ്കിലും രീതിയിലുള്ള സമ്മർദ്ദം മതത്തിലുണ്ടായിരുന്നെങ്കിൽ, ജയത്തിലൂടെ പരിവർത്തനം നടത്തപ്പെട്ടാൽ, പ്രവാചകൻ (സ) യുടെ അനുചരന്മാരും ഈ സമ്മർദ്ദത്തിന്റെ ഫലമാണെന്ന് പറയേണ്ടി വരും. അങ്ങനെയാണെങ്കിൽ, പരീക്ഷണഘട്ടങ്ങളിൽ, അവർ നബി (സ) യോടൊപ്പം ഉറച്ചു നിൽക്കുന്നത് അസാധ്യമായി തീരും. അവർ പ്രകടിപ്പിച്ച ക്ഷമയും, ആത്മാർത്ഥതയും യഥാർത്ഥ വിശ്വാസികൾക്ക് മാത്രമേ പ്രകടിപ്പിക്കുവാൻ കഴിയുകയുള്ളൂ. നമ്മുടെ യജമാനരായ പ്രവാചകൻ (സ) യോട് അനുചരന്മാർ കാണിച്ച കൂറും വിശ്വസ്തതയും സുപ്രസിദ്ധ വസ്തുതകളാണ്. അവ നാം പ്രതിപാദിക്കേണ്ടതില്ല. അദ്ദേഹത്തോട് കാണിച്ച കൂറും വിശ്വസ്തതയും ലോക ചരിത്രങ്ങളിൽ പരതിയാൽ മറ്റെങ്ങും കണ്ടെത്തുവാൻ കഴിയുകയുമില്ല. ഈ വിശ്വാസികളുടെ സംഘത്തെ അവരുടെ കൂറും വിശ്വസ്തതയും ക്ഷമയും,

അവരുടെ മുൻപിൽ ചുഴറ്റപ്പെട്ട വാളുകൾക്കു പോലും പിൻതിരിപ്പിക്കുവാൻ കഴിഞ്ഞില്ല. മറിച്ച് പ്രവാചകൻ (സ) യോടൊപ്പം അവർ പ്രകടിപ്പിച്ച സ്ഥിരത, വിവരണാതീതമാണ്. അവരുടെ ഹൃദയവും നെഞ്ചും വിശ്വാസ ദീപ്തിയിൽ കത്തി നിന്നില്ലായിരുന്നുവെങ്കിൽ അവർക്കങ്ങനെ നിൽക്കുവാൻ കഴിയില്ലായിരുന്നു. എങ്കിലും, ഇസ്ലാമിൽ ഒരു നിർബന്ധത്തിനും ഒരു സ്ഥാനവുമില്ല. യഥാർത്ഥ മുസ്ലീങ്ങളിൽ ഒരാളും, അവർ ജീവിച്ചിരുന്നിടത്തോളം കാലം, ഇസ്ലാം മത പ്രചാരണത്തിന് ഒരു നിർബന്ധവും ചെലുത്തിയിട്ടില്ല. മറിച്ച് ഇസ്ലാം പ്രചരിച്ചത്, അതിന്റെ ജന്മസിദ്ധമായ ഗുണഗണങ്ങളാലാണ്. മുസ്ലീങ്ങൾ എന്ന് സ്വയം വിളിക്കപ്പെടുന്നവർ, നിർബന്ധിച്ചാണ് ഇസ്ലാം മതം പ്രചരിപ്പിക്കേണ്ടതെന്ന് ഇപ്പോഴും കരുതുന്നവർ, ഇസ്ലാമിന്റെ ജന്മസിദ്ധമായ സൗന്ദര്യത്തെക്കുറിച്ച് യാതൊരു അറിവും ഇല്ലാത്തവരാണ്. ഈ ആരോപണം മാറ്റിയിട്ട് മറ്റു സമുദായങ്ങളുമായി, അവരുടെ ബന്ധം എങ്ങനെ നല്ല നിലയിലാക്കാൻ കഴിയുമെന്ന് ഈ മുസ്ലീങ്ങൾ ചിന്തിക്കേണ്ടതാണ്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന ശൈലി സത്യമായ നിലയിൽ പ്രയോഗവൽക്കരിക്കണം. പേരിലും ചുണ്ടിലും മാത്രമാവരുത്. നമ്മുടെ ജീവിതത്തിൽ ആസകലം വ്യാപിക്കണം. സൂക്ഷിച്ചു നോക്കിയാൽ, ചിലർ ശത്രുതയുടെ വിത്തുകൾ ഇടുന്നു, അതുമൂലം വിഭജനം ഉണ്ടാകുന്നു, അനൈക്യം ഉണ്ടാകുന്നു, പരസ്പര വിശ്വാസമില്ലായ്മയിലേക്ക് നയിക്കുന്നു, വിവേചനത്തിലേക്ക് നയിക്കുന്നു, നിയമവ്യവസ്ഥ തകരാറിലാകുന്നു, ബഹളവും, ക്രമസമാധാന ലംഘനവും ഉണ്ടാകുന്നു. ഇത്തരം ആളുകൾ മറ്റുള്ളവരെ സംശയദൃഷ്ടിയോടെ നോക്കുന്നു. അങ്ങനെ ഒരു ഭയാന്തരീക്ഷം സൃഷ്ടിക്കുന്നു. മുൻപ് ഞാൻ പറഞ്ഞതുപോലെ ഇസ്ലാമോ ഫോബിയ. ഈ ഫോബിയ (ഭയവും വിദ്വേഷവും) മറ്റൊരു മതവുമായി ബന്ധപ്പെടുത്തരുത്. നമ്മളിൽ അനേകർ, തങ്ങളുടെ അയൽവാസികൾ ആരാണെന്ന് പോലും അറിയാത്തവരായുണ്ട്. തങ്ങളുടെ അയൽവാസികളെ സ്നേഹിക്കണം എന്ന് അവരുടെ മതാധ്യാപനം പോലും അവഗണിച്ചിരിക്കുന്നവരുണ്ട്. അങ്ങനെ ജനങ്ങളുടെ ഇടയിൽ ഒരു അകൽച്ച ഉണ്ടാകുന്നു. എപ്പോഴും അവരും, ഞങ്ങളും എന്ന ചിന്ത ! ഈ വിടവ് നാം മറികടക്കണം. നൂറ്റാണ്ടുകളുടെ പരിഷ്ക്കാരം ജനങ്ങളെ ഒരുമിച്ച് കൊണ്ടു വന്നുവെങ്കിൽ, നമ്മുടെ ക്ലോക്ക് തിരിക്കാതിരിക്കണോ ? ഒറ്റപ്പെട്ട പുഴുക്കൂട്ടിൽ നാം ജീവിതം തുടങ്ങണോ ? മുഴുവൻ മാനവകുലത്തോടും നമ്മുടെ ഹൃദയത്തിൽ സ്നേഹ വായ്പാണ് എന്ന തത്വമാണ് ഞാൻ ഇവിടെ പ്രകടിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. ഒരു മാതാവിന് തന്റെ കുട്ടിയോടുള്ള സ്നേഹ വായ്പോടെ, അനുകമ്പയോടെ, ഞാൻ മാനവകുലത്തെ സ്നേഹിക്കുന്നു; അതിലേറെ എന്നു പറയുന്നതാണ് ശരി. സത്യത്തെ നശിപ്പിക്കുന്ന തെറ്റായ തത്വങ്ങളോടുള്ള ശത്രുമാത്രമാണ് ഞാൻ. മനുഷ്യാനുകമ്പ എന്റെ ഉത്തരവാദിത്വമാണ്. എന്റെ തത്വം അസത്യത്തെ തിരസ്ക്കരിക്കുക എന്നതുമാത്രമാണ്. ഞാൻ വിഗ്രഹാരാധനയെ തിരസ്ക്കരിക്കുന്നു, ദുഷ് പ്രവർത്തികൾ, ദുഃസ്വഭാവം, അനീതി, അധാർമ്മികത ഇവയേയും തിരസ്ക്കരിക്കുന്നു. നമ്മൾ എല്ലാവരും നമ്മുടെ അയൽവാസികളുമായി നല്ല നില്ലയിൽ വർത്തിച്ചാൽ, ഓരോ അയൽവാസിയും ഇതുപോലെ ചെയ്താൽ, അപ്പോൾ ഈ പരസ്പര സ്നേഹ മാല്യം ലോകജനതയ്ക്ക് മൊത്തത്തിൽ എത്തിച്ചേരുന്നതാണ്. ഇസ്ലാമിൽ അത്ഭുതകരമായതും, ശക്തമായ ഊന്നൽ നൽകിയിരിക്കുന്നതുമായ ഒരു കാര്യം, മാനവകുലത്തിനോട് സ്നേഹം വളർത്തുക, വളരെ പ്രധാനപ്പെട്ട കാരുണ്യം പ്രകടിപ്പിക്കുക, അനുകമ്പയോടെ വർത്തിക്കുക, സർവ്വശക്തനായ അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും മനുഷ്യരോടും മൃഗങ്ങളോടും ഉൾപ്പടെ ! തീർച്ചയായും സ്നേഹവും യഥാർത്ഥ അനുകമ്പയും ഭീകരതയുടെ ഏറ്റവും നല്ല പ്രതിവിധിയാണ്. **നമ്മെ ഓരോരുത്തരെയും, മാത്രമല്ല മുഴുവൻ മാനവകുലത്തെയും, നമ്മളിലുള്ള നന്മയെ വളർത്തിയെടുക്കുവാനും, അങ്ങനെ നമ്മുടെ ജീവിതാരാമത്തിൽ സ്നേഹ, സമാധാന, സൗഹൃദ പുഷ്പങ്ങൾ വിരിയിക്കുവാനും പ്രാപ്തമാക്കട്ടെ! അങ്ങനെ നമ്മുടെ പ്രിയപ്പെട്ടവർക്കും, നമ്മുടെ അയൽവാസികൾക്കും മുഴുവൻ മനുഷ്യ വർഗ്ഗത്തിനും പ്രയോജനഫലങ്ങൾ ആർജ്ജിക്കുവാൻ സാധിക്കട്ടെ ഇൻശാ അല്ലാഹ്. ആമീൻ !.**

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*